# 410

1 ക്രിസ്തുവിൻ ഇമ്പഗാനമെന്നുമേ എന്നുടെ ജീവവാക്യമെന്നുമേ
തന്നുടെ ജീവമൊഴിയെന്നുമേ എന്നുടെ ജീവന്നാധാരമേ

ഞാൻ പിന്തുടർന്നിടും ഞാൻ പിൻഗമിച്ചിടും
എന്നുടെ ജീവിതയാത്രയിൽ
ഈ മരുവിൽ ചൂടതേൽക്കുമ്പോൾ തൻചിറകെനിക്കു വിശ്രമം-

2 ക്രിസ്തുവിൻ ദിവ്യയിഷ്ടമെന്നുമേ എന്നുടെ ജീവിതത്തിൻ ആശയേ
നാളെന്നും ക്രൂശെടുത്തു ഞാൻ താതനിഷ്ടം നിറവേറ്റുമേ-

3 ക്രിസ്തുവിൻ നിന്ദ ഞാൻ വഹിക്കുമേ എന്നുടെ ഭൂഷണം അതെന്നുമേ
നാളെന്നും അതെണ്ണും എൻനിക്ഷേപമായ് തേജസ്സായെനിക്കു ലഭ്യമേ-

4 ക്രിസ്തുവിൻ ശബ്ദം ഞാൻ വിശ്രമിക്കുമേ
എന്നുടെ പാതയെയതെന്നുമേ
നാളെന്നും അതിൽ നടന്നു ഞാൻ തേജസ്സിൻ തീരത്തെത്തുമേ-

5 ക്രിസ്തുവിൻ മുഖം ഞാൻ ദർശിക്കുമേ
ഈ ഘോരമാം സമുദ്രത്തിൻ നടുവിലായ്
അനന്തത വിദൂരവേ ഞാൻ കാണുമ്പോൾ
ആ പൊൻമുഖം പ്രത്യാശയിൻ ഉറവിടം-